അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

വെൺപാലവട്ടം ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം വെൺപാലവട്ടം ശാഖയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ആർ. ശങ്കർ, ഗുരുസംഗമം കുടുംബ യൂണിറ്റിന്റെയും വയൽവാരം, ശിവഗിരി, ഗുരുപാദം, ഗുരുചൈതന്യ, പുരുഷ സ്വയം സഹായ സംഘങ്ങളുടെയും വാർഷിക പൊതുയോഗവും ഭരണസമിതി തിരഞ്ഞെടുപ്പും ഇന്ന് വൈകിട്ട് ഏഴിന് ശാഖാപ്രസിഡന്റ് ജി. ശിവാനന്ദന്റെ അദ്ധ്യക്ഷതയിൽ ശാഖാ ഗുരുമന്ദിരത്തിൽ നടക്കും. പത്രാധിപർ കെ. സുകുമാരൻ സ്മാരക യൂണിയൻ ചെയർമാൻ ഡി. പ്രേംരാജ്, കൺവീനർ ആലുവിള അജിത്, നെടുമങ്ങാട് രാജേഷ്, വട്ടവത്ത് പ്രസാദ് എന്നിവർ പങ്കെടുക്കുമെന്ന് ശാഖാ സെക്രട്ടറി സുരേഷ് കുമാർ അറിയിച്ചു.

വട്ടിയൂർക്കാവ് ശാഖ

തിരുവനന്തപുരം : വട്ടിയൂർക്കാവ് ശാഖയിലെ അറപ്പുര എം. പി. അപ്പൻ സ്മാരക കുടുംബ യൂണിറ്റിന്റെ പ്രതിമാസ കമ്മിറ്റിയും ഗുരുപൂജയും ശാഖ പ്രസിഡന്റ് സി. ആർ. സുദർശനന്റെ അദ്ധ്യക്ഷതയിൽ ഇന്ന് രാവിലെ 11 ന് കുടുംബ യൂണിറ്റ് കൺവീനർ കനകമ്മയുടെ വസതിയിൽ നടക്കും. നിർദ്ധനരായ കുടുംബാംഗങ്ങൾക്ക് ഓണക്കോടിയും അരിയും പെൻഷനും വിതരണം ചെയ്യും. നാളെ രാവിലെ 11 ന് മുൻപ് സഹൃദയരായ കുടുംബയൂണിറ്റിലെ എല്ലാ സമുദായ അംഗങ്ങളും പങ്കെടുക്കണമെന്ന് എക്കി. അംഗം ഗിരീശനും ശാഖാസെക്രട്ടറി രാധാകൃഷ്ണനും അറിയിച്ചു.

കഴക്കൂട്ടം ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം കഴക്കൂട്ടം ശാഖയുടെ ആഭിമുഖ്യത്തിൽ 163-ാമത് ശ്രീനാരായണ ഗുരുദേവ ജയന്തിയോടനുബന്ധിച്ച് 15ന് വിവിധ മത്സരങ്ങൾ നടത്തുന്നു. ദൈവദശകം, മുതിർന്നവർക്കും കുട്ടികൾക്കും പ്രഭാഷണം, പദ്യപാരായണം, ക്വിസ്, സുന്ദരിക്ക് പൊട്ടുതൊടൽ, കസേരകളി, ചിത്രരചന, ഡാൻസ് മത്സരങ്ങൾ നടക്കും. മൈക്രോ യൂണിറ്റംഗങ്ങൾക്കുള്ള ഓണസമ്മാനം സെപ്തംബർ ഒന്നിന് വിതരണം ചെയ്യുമെന്ന് ശാഖാസെക്രട്ടറി കെ. ടി. രാമദാസ് അറിയിച്ചു.

നേതൃത്വ പരിശീലന ക്യാമ്പ്

തിരുവനന്തപുരം : കാഴ്ച ശക്തിയില്ലാത്തവർക്ക് വേണ്ടി ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സംഘടനയുടെ ആഭിമുഖ്യത്തിലാണ് പരിപാടി. വഞ്ചിയൂർ ഫെഡറേഷൻ ആസ്ഥാനത്ത് സംഘടിപ്പിച്ച പരിശീലന പരിപാടി ഡെപ്യൂട്ടി സ്പീക്കർ വി. ശശി ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ പ്രസിഡന്റ് കെ. ജെ. വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ഭാരവാഹികളായ സി. ഹബീബ്, ഡി. സുരേഷ്കുമാർ, ആർ. ശ്രീധരൻ പിള്ള, ബീന കൃഷ്ണൻ എന്നിവർ സംസാരിച്ചു.

സ്വാഗതസംഘം രൂപീകരണയോഗം

തിരുവനന്തപുരം : ഭിന്നശേഷിക്കാരുടെ സംഘടനയായ ഡിഫറന്റ്ലി ഏബിൾഡ് എംപ്ലോയീസ് അസോസിയേഷൻ സംസ്ഥാന സമ്മേളന സ്വാഗതസംഘം രൂപീകരണയോഗം ഇന്ന് നടക്കും. പി.എം.ജി ജംഗ്ഷനിലുള്ള സിറ്റി വി.എച്ച്.എസ്.ഇ സ്കൂൾ ഓഡിറ്റോറിയത്തിൽ രാവിലെ 11 ന് ചലച്ചിത്രതാരം ജോബി യോഗം ഉദ്ഘാടനം ചെയ്യും.

സൗജന്യ മെഡിക്കൽ ക്യാമ്പ്

പോത്തൻകോട് : ശ്രീകാര്യം ചെറുവയ്ക്കൽ റസിഡന്റ്സ് അസോസിയേഷന്റെയും ടാവൻക്കൂർ സ്കാൻസിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്ന വിതരണവും ചെറുവയ്ക്കൽ യു. പി. സ്കൂളിൽ ഇന്ന് രാവിലെ 9ന് നടക്കും.

പകർച്ച വ്യാധികൾ തടയണം

തിരുവനന്തപുരം: ഒരുവാതിൽകോട്ടയിൽ വ്യാപകമാകുന്ന പകർച്ച വ്യാധികൾ തടയാൻ ആരോഗ്യ വകുപ്പധികൃതർ നടപടിയെടുക്കണമെന്ന് സി. പി. ഐ ഒരുവാതിൽകോട്ട ബ്രാഞ്ച് കമ്മിറ്റി ആവശ്യപ്പെട്ടു.

യോഗ - മെഡിറ്റേഷൻ പരിശീലനം

തിരുവനന്തപുരം: കനകക്കുന്ന് ശ്രീനാരായണ വിശ്വസംസ്കാര ഭവനിൽ സമഗ്രാരോഗ്യത്തിനുള്ള സൗജന്യ യോഗ - മെഡിറ്റേഷൻ പരിശീലനം നാളെ ആരംഭിക്കും. വിദ്യാർത്ഥികൾക്കായി പ്രത്യേക ക്ലാസും സംഘടിപ്പിച്ചിട്ടുണ്ട്. ഫോൺ : 8075737298.

രക്തദാന ക്യാമ്പ്

തിരുവനന്തപുരം: വഴുതക്കാട് കാർമൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ശ്രീചിത്രാ മെഡിക്കൽ സെന്ററിന്റെ സഹകരണത്തോടെ രക്തദാന ക്യാമ്പ് നടത്തി. സ്കൂൾ ഡയറക്ടർ സിസ്റ്റൻ റെനീറ്റ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ അഞ്ജനാ ഹരി, ഹെഡ്മിസ്ട്രസ് മിനി ചാക്കോ, ഈശ്വരവിലാസം റസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് പി. ചന്ദ്രശേഖരൻ പിള്ള, ഡോ. സത്യഭാമ, പൂർവ വിദ്യാർത്ഥി സംഘടനാ പ്രസിഡന്റ് രാധിക സി. നായർ എന്നിവർ പ്രസംഗിച്ചു.

പണിക്കക്കുടി ചാമുണ്ഡിക്ഷേത്രം

തിരുവനന്തപുരം : കരിക്കകം പണിക്കക്കുടി ശ്രീചാമുണ്ഡിക്ഷേത്രത്തിൽ കർക്കടകം ഒന്നിന് ആരംഭിച്ച രാമായണ പാരായണം 16ന് വിശേഷാൽ പൂജയോടെ സമാപിക്കും. 17ന് രാവിലെ നിറപുത്തരിപൂജയും വൈകിട്ട് സർവാലങ്കാര പൂജയും ചുറ്റുവിളക്കും ഉണ്ടായിരിക്കും.

തോപ്പിൽ ഭാസി നാടക പഠന കേന്ദ്രം

തിരുവനന്തപുരം: തോപ്പിൽ ഭാസി നാടക പഠന കേന്ദ്രം പ്രതിഭാ പുരസ്കാര പരിപാടികളിൽ അവതരിപ്പിക്കുന്ന നാടകത്തിലേക്ക് അഭിനേതാക്കളെ തിരഞ്ഞെടുക്കുന്നു. നടൻ മധു ചെയർമാനായ കമ്മിറ്റിയാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. താത്പര്യമുള്ളവർ ബാലൻ തിരുമല, ജനറൽ സെക്രട്ടറി, തോപ്പിൽ ഭാസി നാടക പഠന കേന്ദ്രം, ലെനിൻ ബാലവാടി, വഴുതയ്ക്കാട് -ശാസ്തമംഗലം പി.ഒ -10 എന്ന വിലാസത്തിൽ ബന്ധപ്പെടണം. ഫോൺ: 9447587924.

സൗജന്യ മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം: പോങ്ങുംമൂട് പുളിയ്ക്കൽ ഭഗവതി വിലാസം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യ ദിനത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തും. രാവിലെ എട്ട മുതൽ ഉച്ചയ്ക്ക് രണ്ടുവരെ കരയോഗ മന്ദിരത്തിലാണ് ക്യാമ്പ്.

സ്വാതന്ത്ര്യദിനാഘോഷവും രാമായണ പാരായണവും

തിരുവനന്തപുരം : ശ്രീചിത്തിരതിരുനാൾ സ്മാരക സംഗീത നാട്യകലാ കേന്ദ്രത്തിന്റെ സ്വാതന്ത്ര്യദിനാഘോഷവും രാമായണ മാസത്തിന്റെ ഭാഗമായി നടത്തുന്ന അഹോരാത്ര രാമായണ പാരായണവും 15ന് രാവിലെ 8.30ന് ശ്രീചിത്തിര തിരുനാൾ സ്കൂൾ ഒഫ് ഡാൻസ് ആൻഡ് മ്യൂസിക് ഹാളിൽ നടക്കും.

കൗൺസിലർ ജി.എസ്. കോമളവല്ലി പതാക ഉയർത്തും. 9ന് ചേംബർ ഒഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് പ്രസിഡന്റ് ഡോ. ബിജു രമേഷ് ഭദ്രദീപം തെളിച്ച് അഹോരാത്ര രാമായണപാരായണം ഉദ്ഘാടനം ചെയ്യും. വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തുകളുടെ കിറ്റ് വിതരണവും തുടർന്ന് ചിത്രരചനാ മത്സരവും നടക്കും.

മൈക്രോ യൂണിറ്റുകൾ സ്ത്രീ ശാക്തീകരണത്തിന് കരുത്തേകി: വെള്ളാപ്പള്ളി നടേശൻ

തിരുവനന്തപുരം : എസ്. എൻ. ഡി. പി യോഗത്തിന്റെ നേതൃത്വത്തിലുള്ള മൈക്രോ യൂണിറ്റുകൾ സ്ത്രീ ശാക്തീകരണത്തിന് കരുത്തേകിയതായി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. നേമം യൂണിയന്റെ മൈക്രോയൂണിറ്റുകൾക്കായി 3,44,99,000 രൂപ വായ്പയായി വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വായ്പാ അനുമതി പത്രം ധനലക്ഷ്മി ബാങ്ക് ഫോർട്ട് ശാഖാ മാനേജർ അനൂപ് നായർ ജനറൽ സെക്രട്ടറിയ്ക്ക് കൈമാറി.

എസ്. എൻ. ഡി. പി യോഗം നേമം യൂണിയന്റെ മൈക്രോയൂണിറ്റുകൾക്കായുള്ള വായ്പാ വിതരണം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ നിർവഹിച്ചപ്പോൾ. യൂണിയൻ പ്രസിഡന്റ് സുപ്രിയ സുരേന്ദ്രൻ, സെക്രട്ടറി മേലാംകോട് സുധാകരൻ തുടങ്ങിയവർ സമീപം

യൂണിയൻ പ്രസിഡന്റ് സുപ്രിയ സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിയൻ സെക്രട്ടറി മേലാംകോട് സുധാകരൻ, വൈസ് പ്രസിഡന്റ് ഊരുട്ടമ്പലം ജയചന്ദ്രൻ, ഡയറക്ടർ ബോർഡ് മെമ്പർമാരായ വിളപ്പിൽ ചന്ദ്രൻ, നടുക്കാട് ബാബുരാജ്, യൂത്ത്മൂവ്മെന്റ് കേന്ദ്ര കമ്മിറ്റിയംഗം മേലാംകോട് ശ്രീജിത്ത്, യൂണിയൻ കൗൺസിലർമാരായ ശാന്തുംമൂല മുരുകൻ, പാമാംകോട് സനൽ, മലയിൻകീഴ് രമണൻ, പ്ലാവിള ശശിധരൻ, റസൽപുരം മോഹനചന്ദ്രൻ, വനിത സംഘം സെക്രട്ടറി, രാജേശ്വരി, പ്രസിഡന്റ് ചന്ദ്രലേഖ, യൂത്ത്മൂവ്മെന്റ് സെക്രട്ടറി റസൽപുരം സുമേഷ് തുടങ്ങിയവർ സംസാരിച്ചു.

കുടുംബസംഗമവും ഗുരുദക്ഷിണയും

തിരുവനന്തപുരം : ടി. കെ. എം എൻ ജിനിയറിംഗ് കോളേജ് പൂർവവിദ്യാർത്ഥി സംഘടനയുടെ തിരുവനന്തപുരം ശാഖയുടെ കുടുംബസംഗമവും ഗുരുദക്ഷിണയും 15 ന് വൈകിട്ട് 6.30 ന് ഹസൻ മരിക്കാർ ഹാളിൽ നടക്കും. പൊതുസമ്മേളനം ഡോ. ബി. അശോക് ഉദ്ഘാടനം ചെയ്യും.

പ്രസിഡന്റ് കേണൽ ഡി. വി ജയധരൻ അദ്ധ്യക്ഷത വഹിക്കും. പ്രൊഫ. എൻ. പത്മനാഭ അയ്യർക്ക് ഗുരുവന്ദനം അർപ്പിക്കും. അൻപത് വർഷം പൂർത്തിയാക്കിയ 1967 ബാച്ചിലെ അംഗങ്ങളെയും ഔദ്യോഗിക തലത്തിൽ ഉന്നത പദവി വഹിക്കുന്ന തിരുവനന്തപുരം ചാപ്റ്റർ അംഗങ്ങളെയും ആദരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9495155869.

ലക്ഷാർച്ചന

പോത്തൻകോട് : ശ്രീകാര്യം കരുമ്പുക്കോണം മുടിപ്പുര ദേവീ ക്ഷേത്രത്തിലെ ലക്ഷാർച്ചന നാളെ രാവിലെ ഏഴുമുതൽ ക്ഷേത്രതന്ത്രി പെരിമന കൃഷ്ണൻ പോറ്റിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും. വൈകിട്ട് 6.45ന് പുഷ്പാഭിഷേകം.

അയിരൂപ്പാറ കെ.പുഷ്പാംഗദനെ ആദരിച്ചു

പോത്തൻകോട്: ഗുരുകൃപ മൈക്രോ ഫിനാൻസ് അംഗങ്ങളുടെയും വനിതാ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ എസ്. എൻ. ട്രസ്റ്റ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട അയിരൂപ്പാറ കെ. പുഷ്പാംഗദനെ പൊന്നാട ചാർത്തി ആദരിച്ചു. ചെമ്പഴന്തി ഗുരുകുലം യൂണിയൻ വനിതാ സംഘം പ്രസിഡന്റ് പത്മിനിയെയും, സെക്രട്ടറി ശുഭയെയും ഗുരുദക്ഷിണ നൽകി ആദരിച്ചു. അയിരൂപ്പാറ ശാഖാ പ്രസിഡന്റ് കെ. പ്രഭാകരൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ. സുരേഷ്, മുൻ യൂണിയൻ കൗൺസിലർ സുദർശനൻ, വൈസ് പ്രസിഡന്റ് സുധീരൻ, സുകുമാരി, രമ രവികുമാർ തുടങ്ങിയവർ സംസാരിച്ചു. സജിത ജയൻ സ്വാഗതവും കല നന്ദിയും പറഞ്ഞു.

നവകേരള സൃഷ്ടിക്ക് സർക്കാർ പ്രതിജ്ഞാബദ്ധം

തിരുവനന്തപുരം : നവകേരള സൃഷ്ടിക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുൻ എം. എൽ. എ എം വിജയരാജൻ പറഞ്ഞു.

കെ. എസ്. ടി. എ. സംഘടിപ്പിക്കുന്ന 2000 വിദ്യാഭ്യാസ സദസ്സുകളുടെ ആസൂത്രണ സംസ്ഥാനത്തു നിന്നും തൊഴിൽ തേടി നമ്മുടെ നാട്ടിലെത്തിയ ഒരു മനുഷ്യൻ മരിക്കാൻ ഇടയായതിന്റെ ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ടാണ് മുഖ്യ മന്ത്രി നിയമസഭയിൽ മാപ്പപേക്ഷിച്ചത്. ഇത് കേരളത്തിലെ മുഴുവൻ ജനങ്ങളോടുമുള്ള ഏറ്റുപറച്ചിലാണ്. ഇത് എൽ. ഡി. എഫ് സർക്കാർ ആരോടൊപ്പമാണെന്ന അടയാളപ്പെടുത്തലാണ്. എന്നാൽ ഉത്തർപ്രദേശിൽ 60 ലേറെ കുഞ്ഞുങ്ങൾ പിടഞ്ഞു മരിച്ചിട്ടും ഒന്നു മിണ്ടാൻ പോലും അവിടുത്തെ മുഖ്യ മന്ത്രി യോഗി ആദിത്യനാഥ് തയ്യാറാകുന്നില്ലെന്നും ജയരാജൻ പറഞ്ഞു.

മെഡിക്കൽ കോളേജിൽ ഓക്സിജൻ നിലയ്ക്കാതിരിക്കാൻ നടപടി

തിരുവനന്തപുരം: ഓക്സിജൻ നിലയ്ക്കാതിരിക്കാൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തി. ഗോരഖ്പൂരിലെ ഗവ. ബാബ രാഘവദാസ് മെമ്മോറിയൽ ആശുപത്രിയിൽ ഓക്സിജൻ നിലച്ച് കുട്ടികൾ മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിലാണിത്.

ഓക്സിജൻ സിലിണ്ടറിനു പുറമെ പൈപ്പ് ലൈൻ വഴി വാർഡുകളിൽ നേരിട്ട് ഓക്സിജൻ നൽകുന്ന സംവിധാനവും ഇവിടെയുണ്ട്. ബെല്ലാരിയിൽ നിന്നാണ് ലിക്വിഡ് ഓക്സിജൻ കൊണ്ടുവരുന്നത്.

എസ്. എ. ടി ആശുപത്രിക്കടുത്തുള്ള അമ്മയും കുഞ്ഞിന്റെയും പ്രതിമയുടെ വലത് ഭാഗത്തുള്ള രണ്ട് ടാങ്കുകളിലാണ് പൈപ്പ്ലൈൻ വഴി നൽകാനുള്ള ലിക്വിഡ് ഓക്സിജൻ സംഭരിച്ചിരിക്കുന്നത്. ഇതിന്റെ അളവ് തീരുമ്പോൾ ആസ്റ്റോമാറ്റിക്കായി സന്ദേശം ബെല്ലാരിയിലെ കമ്പനിക്കു ലഭിക്കും. അവിടന്ന് ഉടൻ ടാങ്കർ ലോറികളിൽ കൊണ്ടുവന്ന് നിറയ്ക്കും. ഇക്കാര്യത്തിൽ വീഴ്ച സംഭവിക്കാതിരിക്കാൻ അധികൃതർ മുന്നറിയിപ്പ് നൽകി. ഓക്സിജൻ സിലിണ്ടറിന്റെ നിലവിലുള്ള കരാർ റദ്ദാക്കി പുതിയ ഏജൻസിക്ക് കരാർ നൽകി. പഴയ ഏജൻസിക്ക് കുടിശികയായി ഇരുപതിനായിരത്തോളം രൂപ നൽകാനുണ്ട്. അവരുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് കണ്ടാണ് കരാർ അവസാനിപ്പിച്ച് പുതിയ കരാർ നൽകിയത്.

സിലിണ്ടർ തീർന്നാൽ ഏജൻസി ഓക്സിജൻ തന്നില്ലെങ്കിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ ഓക്സിജൻ പിടിച്ചെടുത്തുകൊണ്ടുവരാൻ നിയമവ്യവസ്ഥയുണ്ടെന്ന് ആശുപത്രി വൃത്തങ്ങൾ പറഞ്ഞു. പനി വ്യാപകമായതോടെ മെഡിക്കൽ കോളേജിൽ ചികിത്സ തേടിയെത്തുന്നവരുടെ എണ്ണം പെരുകുകയാണ്. ഇതിൽ അധികം പേർക്കും ഓക്സിജൻ നൽകേണ്ട അവസ്ഥയാണ്.

അനന്തൻകാട് ശ്രീനാഗരാജ ക്ഷേത്ര ട്രസ്റ്റിൽ ആടിവെള്ളി മഹോത്സവത്തോടനുബന്ധിച്ച് നടന്ന രഥഘോഷയാത്ര

ലോകവും ഇന്ത്യയും വലതുപക്ഷ ആധിപത്യത്തിൽ: സിദ്ധാർത്ഥ് വരദരാജൻ

തിരുവനന്തപുരം: ലോകവും ഇന്ത്യയും വലതുപക്ഷ ശക്തികളുടെ ആധിപത്യത്തിലാണെന്ന് മാദ്ധ്യമ പ്രവർത്തകൻ സിദ്ധാർത്ഥ് വരദരാജൻ പറഞ്ഞു. കേരള സാഹിത്യ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ എറിക് ഹോബ്സ് ബോം ജന്മശതാബ്ദി പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

നരേന്ദ്ര മോദി സർക്കാർ അധികാരത്തിലേറിയ ശേഷം രാജ്യം വലത്പക്ഷവത്ക്കരണത്തിന്റെ സവിശേഷ സാഹചര്യത്തിലൂടെയാണ് കടന്നു പോകുന്നതെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ ഇടതുനേതാക്കൾക്ക് പോലും മോദി സർക്കാർ ഫാസിസ്റ്റാണോയെന്ന സംശയമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഡോ. ജി. ബാലമോഹൻ തമ്പി ഉദ്ഘാടനം ചെയ്തു. പ്രധാനമന്ത്രിയും, രാഷ്ട്രപതിയും, ഉപപ്രധാനമന്ത്രിയും ആർ.എസ്.എസ്സുകാരാണെന്ന് മറക്കരുതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

വൈശാഖൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കെ. പി. മോഹനൻ, വി. എൻ. മുരളി എന്നിവർ സംസാരിച്ചു.

ശ്രീനാരായണ സമിതി അമ്പലത്തറ ഗവ. യു. പി. എസിൽ സംഘടിപ്പിച്ച പഠനോപകരണ വിതരണം അമ്പലത്തറ ചന്ദ്രബാബു നിർവഹിക്കുന്നു. ഹെഡ്മാസ്റ്റർ ശശിധരൻ, വാർഡ് കൗൺസിലർ ഗീതാകുമാരി, ഷീജ, സ്റ്റാഫ് സെക്രട്ടറി കുമാർ എന്നിവർ സമീപം

പ്ലസ്ടുവിൽ പുനർമൂല്യനിർണയത്തിലൂടെ എല്ലാ വിഷയത്തിനും എപ്ലസ് നേടിയ കൃഷ്ണപ്രിയ

ആർ. പി. (ഹോളി ഏഞ്ചൽസ് കോൺവെന്റ് സ്കൂൾ). പേട്ട കല്ലുമൂട് ഗാർഡൻസിൽ ഡി. രാധാകൃഷ്ണന്റെയും പ്രീതയുടെയും മകളാണ്

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 5,10,12

ഉത്തർപ്രദേശിൽ ഓക്സിജൻ ലഭിക്കാതെ മരിച്ച കുട്ടികൾക്ക് ആദരാഞ്ജലികൾ അർപ്പിച്ച് മാനവീയം വീഥിയിൽ ബാലസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ കൂട്ടായ്മയിൽ കുട്ടികൾ മെഴുകുതിരികൾ തെളിച്ചപ്പോൾ

എസ്. എൻ. ഡി. പി യോഗം കഴക്കൂട്ടം ശാഖയുടെ ആഭിമുഖ്യത്തിൽ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായ സാന്ദ്രയ്ക്ക് പഠനസഹായത്തിന്റെ ആദ്യഗഡുവായ 25000 രൂപ സ്പോൺസർ സുനിമോൾ അൻസാരി നൽകുന്നു. ശാഖാ പ്രസിഡന്റ് ജി. ജയചന്ദ്രൻ, വൈസ് പ്രസിഡന്റ് എസ്. പ്രേമചന്ദ്രൻ, സെക്രട്ടറി കെ. ടി. രാമദാസ്, യൂണിയൻ പ്രതിനിധി ബാലകൃഷ്ണൻ, കമ്മിറ്റി അംഗങ്ങളായ ഉണ്ണിരാജ, ജീവ, മണി, ദീപ്തി അനിൽ, ലീല, രേണുക, ലളിതാംബിക എന്നിവർ സമീപം

ടവർ നിർമ്മാണത്തിനെതിരെ നാട്ടുകാരുടെ പ്രക്ഷോഭം

പോത്തൻകോട്: അരിയോട്ടുകോണം തമ്പുരാൻ ക്ഷേത്രത്തിന് സമീപം സ്വകാര്യ കമ്പനിയുടെ മൊബൈൽ ടവർ സ്ഥാപിക്കുന്നതിനെതിരെ നാട്ടുകാർ പ്രക്ഷോഭത്തിലേക്ക്. പണിമൂല റസിഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിലാണ് നാട്ടുകാർ പ്രക്ഷോഭത്തിനൊരുങ്ങുന്നത്.

ടവർ നിർമ്മാണത്തിനെതിരെ മുമ്പ് നാട്ടുകാർ രംഗത്ത് വന്നിരുന്നു. റസിഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ പലതവണ പരാതി നൽകിയിട്ടും പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്ന് ഒരു നടപടിയുമുണ്ടായില്ലെന്ന് നാട്ടുകാർ പറഞ്ഞു.

ചിരിയരങ്ങ്

ഉള്ളൂർ : നർമ്മ കൈരളിയുടെ പ്രതിമാസ പരിപാടിയുടെ ഭാഗമായി ഹസൻ മരിക്കാർ ഹാളിൽ ചിരിയരങ്ങ്, ഹാസ്യ നാടകം, പുസ്തക പ്രകാശനം എന്നിവ നടന്നു. വി. സുരേശന്റെ 'ചിരിക്കാഴ്ചകൾ' എന്ന പുസ്തകം ഡോ. പി. സേതുനാഥൻ, ഡോ. എം. രാജീവ് കുമാറിന് നൽകി പ്രകാശനം ചെയ്തു. ചിരിയരങ്ങിൽ സുകുമാർ, ജെ. ലളിതാംബിക, വി. സുരേശൻ, ഡോ. സുന്ദരേശൻ എന്നിവരും ഹാസ്യ നാടകത്തിൽ ഡോ. തോമസ് മാത്യു, എ.എസ്. ജോബി, മണിക്കുട്ടൻ ചവറ, ദിലീപ് കുമാർ ദേവ്, ഡോ. സജീഷ്, ഈശ്വർ പോറ്റി, ദീപ അരുൺ, ദേവദത്ത്, കൃഷ്ണദത്ത്, ഗ്രേസി കരമന, അഡ്വ. മംഗളതാര, ഗായത്രി ഈശ്വർ തുടങ്ങിയവർ പങ്കെടുത്തു.

ഓഫീസ് തുറന്നു

തിരുവനന്തപുരം: ഗണേശോത്സവത്തിന്റെ തമ്പാനൂർ സ്വാഗതസംഘം ഓഫീസ് ഡോ. മാർത്താണ്ഡപിള്ള ഉദ്ഘാടനം ചെയ്തു. എം.ഡി ലത്തീഫ്, ബഷീർ, എ. എസ്. ഭുവനചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

അസ്ഥിതേയ്മാന ചികിത്സ ശസ്ത്രക്രിയ ഒഴിവാക്കാം
നട്ടെല്ല്, കഴുത്ത്, കാൽമുട്ടുകളുടെ തേയ്മാനം, നീര്, വേദന തുടങ്ങിയവയ്ക്ക് ശാശ്വത പരിഹാരം
Dr. R. Chandrasekharan
MD (Ay) Rtd.Prof.
ഓർമ്മക്കുറവ്, ഉറക്കമില്ലായ്മ, ടെൻഷൻ തുടങ്ങിയവയ്ക്ക്
Dr. R. Balakrishnan,
DAM, MBBS, DPM, FICA (Rtd. Supt.)
സ്ത്രീരോഗങ്ങൾക്ക്: Dr. Veena, BAMS
Insurance Claim ലഭ്യമാണ്
Dr. CHANDRAN'S AYURVEDA HOSPITAL & DENTAL CLINIC
Kallattumukku, Manacuad, Tvm. 0471 - 3222544.
വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

മരണാനന്തരചടങ്ങ് നാളെ

ആർ. ശ്രീദേവി
പ്രാർത്ഥന, പേരേറ്റിൽ വർക്കല.

മാന്യരേ,
10.08.2017 ൽ നിര്യാതയായ എന്റെ പ്രിയപത്നി ആർ. ശ്രീദേവി (78 റിട്ട. ഹെഡ്മിസ്ട്രസ്, ഗവ. യു. പി സ്കൂൾ, ചെറുന്നിയൂർ) യുടെ മരണാനന്തരചടങ്ങ് നാളെ (14.08.2017 തിങ്കൾ) രാവിലെ 8 മണിക്ക് നടത്തുന്നതാണ്. ബന്ധുമിത്രാദികൾ ഇതൊരു അറിയിപ്പായി കരുതി സംബന്ധിക്കണമെന്ന് അപേക്ഷ.
എന്ന് ദു:ഖിതരായ,
ജി. പ്രിയദർശനൻ,
മക്കൾ: പി. എസ്. ഭാവൻ (Late),
പി. എസ്. പ്രജീൻ (NPCC, അബുദാബി),
പി. എസ്. ദയ
(ടീച്ചർ, ശ്രീനാരായണപുരം യു. പി. സ്കൂൾ)
മരുമക്കൾ: സന്ധ്യപ്രജീൻ,
ഡോ. എസ്. ഷാജി (പ്രൊഫസർ, ഗാന്ധിഗ്രാം സർവ്വകലാശാല, തമിഴ്നാട്).